بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 23.09.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*അമേരിക്കയിലെ മസ്ജിദ് ഫത്ഹെ അസീമിൽ നിർവഹിച്ചത്.*

## ഫത്ഹെ അസീം പള്ളി ഉദ്ഘാടനം

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഇന്ന് നിങ്ങൾ ഇവിടെ സിയോണിലെ പള്ളി ഉദ്ഘാടനത്തിനുവേണ്ടിയാണ് ഒരുമിച്ചുകൂടിയിരിക്കുന്നത്. ജമാഅത്തിന്റെ ചരിത്രത്തിൽ സവിശേഷ പ്രാധാന്യമുള്ള ഈ നഗരത്തിൽ ഒരു പള്ളി നിർമ്മിക്കാൻ സർവ്വ ശക്തനായ അല്ലാഹു അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന് തൗഫീഖ് നൽകിയിരിക്കുന്നു. ഈ നഗരത്തിന്റെ ചരിത്രപരമായ പ്രാധാന്യമെന്തെന്നാൽ നാമധാരിയായ ഒരു വാദഗതിക്കാരൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ മോശമായ ഭാഷ ഉപയോഗിച്ചതും, പിന്നെ അവന്റെ പര്യവസാനവും, ഈ നഗരത്തിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതും ഓരോ അഹ്മദിയെയും അല്ലാഹുവിനോട് നന്ദിയുള്ളവരാക്കുന്നു; ആക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ തിരുനബി(സ)യുടെ നിർദ്ദേശമനുസരിച്ച് നമ്മൾ ഈ നഗരവാസികളോടും നന്ദി പ്രകടിപ്പിക്കുന്നു. തുടക്കത്തിൽ കൗൺസിൽ ഈ പള്ളിയുണ്ടാക്കുന്നതിനെ എതിർത്തുകൊണ്ട് അനുവാദം നൽകാതിരുന്നപ്പോൾ ഇവിടുത്തെ നഗരവാസികളായ ജനങ്ങളാണ് നമുക്ക്‌വേണ്ടി നിൽക്കുകയും ഇവിടെ പള്ളിയുണ്ടാക്കുന്നതിന് അനുമതി നൽകാൻ അവരെ നിർബന്ധിക്കുകയുംചെയ്തത്. കൂടാതെ ഈ പള്ളി നിർമിക്കാൻ തൗഫീഖ് നൽകിയ മഹത്വമുടയവനായ ദൈവത്തോട് നന്ദി പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഇന്ന് അഹ്മദികളായ നമുക്ക് കേവലം സന്തോഷത്തിന്റെ ദിവസം മാത്രമല്ല, മറിച്ച് നമുക്ക് ഇവിടെ പള്ളിയുണ്ടാക്കുന്നതിന് തൗഫീഖ് നൽകിയതോടൊപ്പം കാലത്തിന്റെ ഇമാമിന്റെ, തിരുനബി(സ)യുടെ സത്യസന്ധനായ പ്രേമിയുടെ, സത്യസാക്ഷ്യത്തിനുള്ള ജീവൽ അടയാളം കാണിച്ച് തന്ന അല്ലാഹുവിനോട് വളരെയേറെ നന്ദി പ്രകടിപ്പിക്കേണ്ട ദിവസം കൂടിയാകുന്നു.

ഇത് വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ദർശനമല്ലെങ്കിൽ, മറ്റെന്താണ്? ഇന്നേക്ക് നൂറ്റിയിരുപത് വർഷം മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സർവശക്തനായ അല്ലാഹുവിൽനിന്ന് അറിയിപ്പ് ലഭിച്ചതനുസരിച്ച് ഇസ്‌ലാമിന്റെ ശത്രുവായ ഒരു വ്യാജവാദിയുടെ നാശത്തെക്കുറിച്ച് പ്രവചിക്കുകയുണ്ടായി. ക്രിസ്ത്യാനിയാകാതെ ഒരു മുസ്‌ലിമിനും തന്നെ ഇവിടെ പ്രവേശിക്കാൻ സാധ്യമല്ല എന്ന് വിളംബരപ്പെടുത്തിയ അയാളുടെ പട്ടണത്തിൽ ഇന്ന് അല്ലാഹു ജമാഅത്തിന് പള്ളി നിർമിക്കാൻ തൗഫീഖ് നൽകിയിരിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ പ്രവൃത്തി. ഒരു കോടീശ്വരൻ, ഭൗതികമായി അന്തസ്സും ആഭിജാത്യവും ഉണ്ടായിരുന്ന ഒരാളെ അല്ലാഹു വ്യാജനാക്കികൊണ്ട് ഇല്ലാതാക്കി; നശിപ്പിച്ചു കളഞ്ഞു. പഞ്ചാബിലെ ഒരു ചെറിയ ഗ്രാമത്തിൽ വസിച്ചിരുന്ന തന്റെ വരിഷ്ഠ ദാസന്റെ ഇസ്‌ലാമിന്റെ നവോത്ഥാനവുമായി ബന്ധപ്പെട്ട വാദഗതിയെ ലോകത്തിന്റെ 220 രാഷ്ട്രങ്ങളിൽ മുഖരിതമാകുന്നതിനുള്ള സംവിധാനമൊരുക്കി.

നമ്മുടെ ജോലികൾ ഇവിടെ അവസാനിക്കുകയാണോ? അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ ഒരു പള്ളിയുണ്ടാക്കി; ജമാഅത്തിന് പുരോഗതി കിട്ടി എന്നത് മാത്രമാണോ നമ്മുടെ ജോലി.? അല്ല. ഹദ്റത് മസീഹ് മൗഊദ്(അ)നു വേണ്ടി അല്ലാഹു മുഴുവൻ ലോകത്തെയും കർമ്മഭൂമിയാക്കിയിരിക്കുന്നു. നമുക്ക് ചെറുതും വലുതുമായ പട്ടണങ്ങളെയും രാഷ്ട്രങ്ങളെയും തിരുനബി(സ)യുടെ ദാസത്വത്തിൽ കൊണ്ടുവരേണ്ടതുണ്ട്. നമ്മുടെ സാഹചര്യങ്ങൾ നോക്കുകയാണെങ്കിൽ ഇത് വളരെ വിശാലമായ പദ്ധതിയായി കാണപ്പെടുന്നു. പക്ഷെ അതൊക്കെയായിട്ടും നമുക്ക് മേലാണ് ഈ ഉത്തരവാദിത്വം അല്ലാഹു ഏൽപിച്ചിട്ടുള്ളത്. അതും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ചെയ്യുന്ന കർമ്മങ്ങൾ എല്ലാം തന്നെ നമ്മുടെ നിസാരമായ പ്രവർത്തനങ്ങൾ മാത്രമാകുന്നു. അതോടൊപ്പം യഥാർഥത്തിൽ വേണ്ടത് ദുആകളാകുന്നു. ദുആകൾ മുഖേനയാണ്

ഇതെല്ലാം പ്രാവർത്തികമാകുന്നത് അതിനാൽ ഈ സുപ്രധാനപരമായ കാര്യത്തെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ആരാധനാ കർമ്മങ്ങൾക്കായി ഒരുമിച്ചു കൂടുന്നതിനും, അല്ലാഹുവിന്റെ സമക്ഷത്തിൽ അഞ്ചുനേരം എത്തുന്നതിനും, ജുമുഅ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ ഉണ്ടാകുന്നതിനും, ഐഹിക കളി തമാശകളിലും ജോലികളിലും മുഴുകി ആരാധനാ കർമ്മങ്ങൾ മറന്നു പോകാതിരിക്കാനുമാണ് പള്ളികൾ നിർമ്മിക്കുന്നത്. മറിച്ച് നാം നമ്മുടെ ആരാധനകൾ മറന്നു പോകുകയാണെങ്കിൽ, ഈ മസ്ജിദ് നിർമ്മാണം കേവലം ബാഹ്യമായ ഒരു കെട്ടിടം ഉയർത്തുക എന്നത് മാത്രമായിരിക്കും. മാത്രമല്ല ലോകത്തോട് നാം ഇവിടെ മുസ്‌ലിംകളുടെ ഒരു പള്ളിയുണ്ടാക്കി എന്ന് പറയുന്നുണ്ടാകും, എന്നാൽ നമ്മുടെ കർമ്മങ്ങൾ അല്ലാഹുവിന്റെ മുന്നിൽ പള്ളിയുടെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ യോഗ്യമായിരിക്കുകയില്ല. അല്ലെങ്കിൽ നമുക്ക് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സഹായികളിൽ ഉൾപ്പെടാൻ കഴിയുകയില്ല. ആ മഹാത്മാവ് പറയുന്നു, നിങ്ങൾ നിരന്തരം പ്രാർഥനകൾ മുഖേന എന്നെ സഹായികളാകുവിൻ. അങ്ങനെയായാൽ നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എത്രയും വേഗം പൂർത്തിയാകുന്നതായി കാണാൻ കഴിയുന്നതാണ്.

അതിനാൽ ദുആകൾ സ്വീകാര്യയോഗ്യമാകുന്നതിനുവേണ്ടി ആരാധനകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുക എന്നത് നമ്മളിൽ ഓരോരുത്തരുടെയും കടമയാണ്. നമ്മുടെ കുട്ടികളെയും ആരാധന ശീലമുള്ളവരാക്കി മാറ്റുക, അല്ലാഹു പറഞ്ഞു തന്ന രീതിയനുസരിച്ച് നമ്മുടെ നമസ്കാരങ്ങളെ മനോഹരമാക്കിതീർക്കുക, ആത്മാർഥമായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക, കൂടുതൽ വിജങ്ങൾക്കായി അവനോട് അപേക്ഷിക്കുക. ഇതെല്ലാം ലഭിക്കുകയും പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുന്നത് കാണാൻ കഴിയുന്ന നമുക്കിടയിലുള്ളവർ എത്ര സൗഭാഗ്യവാന്മാരായിരിക്കും. നാം നമ്മുടെ ആരാധനയുടെ നിലവാരം ഉയർത്തുകയും ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുകയും ചെയ്താൽ ഹദ്റത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിൽ തന്നെ നിറവേറുന്നത് നമുക്ക് കാണാൻ കഴിയുന്നതാണ്.

തിരുനബി(സ)നോട് ഇസ്‌ലാമിന്റെ വിജയത്തെ കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നിട്ടും ബദർ യുദ്ധാവസരത്തിൽ നബി തിരുമേനി(സ)യുടെ വിലാപവും വിനയവും ആർദ്രതയും ദുആകളും ഒരു ഉന്നത നിലവാരം സ്വീകരിച്ചിരുന്നു, അതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ചോദിച്ചപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: അല്ലാഹു പരാശ്രയ രഹിതനാകുന്നു. വിജയങ്ങളിലും അന്തർലീനമായിട്ടുള്ള നിബന്ധനകൾ ഉണ്ടാകാം. അതുകൊണ്ട് അല്ലാഹുവിനോട് വിനയാന്വിതമായി കരഞ്ഞു വിലപിച്ച്കൊണ്ട് സഹായമർത്തിക്കുക മാത്രമാണ് എന്റെ കർത്തവ്യം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിൽ വിലയം പ്രാപിച്ച ആ മഹാത്മാവ് ഉയർത്തിയ പ്രാർഥനകൾ മുഖേനയാണ് ആ വിജയങ്ങൾ സംഭവിച്ചത്, ഇന്നും ദൈവവത്തിൽ വിലയം പ്രാപിച്ച ആ മഹാത്മാവിന്റെ സത്യസന്തനായ ദാസന്റെ ദുആകൾ തന്നെയാണ് യഥാസമയം പൂർത്തിയായി ലോകത്തെ റസൂൽ തിരുമേനി(സ)യുടെ കാൽച്ചുവട്ടിൽ കൊണ്ടുവരിക. എന്നാൽ ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാനുമായി അർപ്പണ ബോധം വെച്ചുപുലർത്തുന്ന നിങ്ങൾ, നിങ്ങളുടെ ദുആകളും കർമ്മങ്ങളും മുഖേന എന്നെ സഹായിക്കുവിൻ.

ഇന്ന് നാം ഈ പള്ളിയിൽ ഇരുന്ന് ഇതിന്റെ ഉദ്ഘാടനം നിർവഹിക്കുകയാണ്, ഈ പള്ളിയുടെ പേര് മസ്ജിദ് ഫത്തഹെ അസീം അഥവാ മഹത്തായ വിജയം എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമുകളുടെയും പ്രവചനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പേര് നൽകിയിരിക്കുന്നത്. ആ മഹാത്മാവ് സർവ്വശക്തനായ അള്ളാഹുവിൽനിന്ന് ലഭിച്ച അറിയിനുസരിച്ച് ഡൂയിയുടെ നാശത്തെ കുറിച്ച് പ്രവചിച്ചുകൊണ്ട് പറഞ്ഞു: മഹത്തായ വിജയമുള്ള ഈ അടയാളം ഉടൻ വെളിപ്പെടുന്നതാണ്. പതിനഞ്ച് ഇരുപത് ദിവസത്തിനുള്ളിൽ സർവ്വശക്തനായ അല്ലാഹു അവനെ അപമാനിച്ചു കൊന്നത് ലോകം കൊന്നു, അയാളുടെ നാശത്തിന്റെ അടയാളത്തെ കുറിച്ച് അല്ലാഹുവിൽ നിന്ന് ലഭിച്ച അറിയിപ്പനുസരിച്ച് ആ മഹാത്മാവ് ഫത്തഹെ അസീം അഥവാ മഹത്തായ വിജയം എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് അതിന്റെ അടുത്ത ചുവട് എന്ന നിലയിലാണ് ഈ നഗരത്തിൽ നാം പള്ളി ഉദ്ഘാടനം ചെയ്യുന്നത്. ആ മഹാത്മാവിന്റെ പ്രവചനത്തിന്റെ ഒരു ഭാഗം ഏകദേശം നൂറ്റിപതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായതായി നാം കണ്ടതാണ് അതിന്റെ അടുത്ത ഘട്ടം ഇന്ന് പൂർത്തിയായതായി നാം കാണുന്നു.

അതിനു ശേഷം ഹുദൂർ തിരുമനസ്സ്(അ.ബി) മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളിക്ക് തങ്ങളുടെ പത്രങ്ങളിൽ

ഇടം കൊടുക്കുകയും തുടർന്ന് ഡൂയിയുടെ നാശത്തിന്റെ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്ത ഭൗതീക പത്രങ്ങളെ കുറിച്ച് പറഞ്ഞു. ഇത് ലോകം അംഗീകരിച്ച അല്ലാഹുവിന്റെ അടയാളമായിരുന്നു. കൂടാതെ 1907 ജൂണ് 23 ലെ സൺഡേ ബോസ്റ്റൺ ഹെറാൾഡിന്റെ പ്രസിദ്ധീകരണത്തിൽ, മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ വാദങ്ങളെയും വെല്ലുവിളികളെയും ഡൂയിയുടെ ദാരുണമായ നാശത്തെ കുറിച്ചും എഴുതിയ വിശദാംശങ്ങൾ സംക്ഷിപ്തമായി പരാമർശിച്ചുകൊണ്ടു പറഞ്ഞു: വാഗ്ദത്ത മസീഹിന്റെ ദൗത്യം വളരെ വിശാലമാണ്, ഇതൊരു യുദ്ധത്തിലെ ഒരു ഭാഗത്തെ മാത്രമുള്ള വിജയത്തിന്റെ അനുസ്മരണമാകുന്നു. നമുക്ക് യഥാർഥത്തിൽ സന്തോഷമുണ്ടാകുന്നത് നാം ഈലോകത്തെ റസൂൽ തിരുമേനി(സ)യുടെ കാൽക്കീഴിൽ കൊണ്ടുവരുമ്പോഴായിരിക്കും. അതിനായി നമുക്ക് ഈ പള്ളി ഉണ്ടാക്കുന്നതോടൊപ്പം തന്നെ തബ്‌ലീഗിനുള്ള പുതിയ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട് അതിനായി നമുക്ക് മുഹമ്മദീ മസീഹിന്റെ വാദങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പ്രായോഗികവും ആത്മീയവുമായ അവസ്ഥ മുമ്പത്തേക്കാൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

യഥാർഥ മഹത്തായ വിജയം മക്കാ കീഴടക്കലായിരുന്നു. മക്കാ വിജയത്തിനുശേഷം നബി തിരുമേനി(സ)യും ഖുലഫായെ റാഷിദീങ്ങളും അല്ലെങ്കിൽ പിന്നീട് വന്ന മുസ്‌ലിംകളോ പ്രബോധന പ്രവർത്തനങ്ങൾ നിർത്തിവെച്ചോ, ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കാൻ അവർ പൂർണമായും എത്തിക്കാൻ പരിശ്രമിച്ചിരുന്നില്ലേ.? യുദ്ധങ്ങൾ മുഖേന പ്രദേശങ്ങൾ കീഴടക്കിയിരുന്നില്ലേ ? അതെ.! യുദ്ധങ്ങളുണ്ടായിട്ടുണ്ട് എന്നാൽ ദീനിനെ പ്രചരിപ്പിക്കുന്നതിന്‌വേണ്ടി ആയിരുന്നില്ല. മറിച്ച് ഹൃദയങ്ങളെ ആണ് ജയിച്ചടക്കിയത്. അതുമുഖേന ത്യാഗസന്നദ്ധരായ ആളുകൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരുന്നു. ആയതിനാൽ ഹദ്റത് മസീഹ് മൗഊദ്(അ) മുഖേന ലഭ്യമായ വിജയത്തെ തുടർച്ചയായ തബ്‌ലീഗും ദുആകളും മുഖേന സ്ഥായിയായി നിലനിർത്തേണ്ടത് അനിവാര്യമാണ്.

ഖിയാമത്തുനാൾ വരെ ഈ ദീനിനെ നിലനിർത്തുന്നതിനും പ്രബലത നൽകുന്നതിനുംവേണ്ടി അന്ത്യനാളിൽ വാഗ്ദത്ത മഹ്ദി മസീഹിനെ അയക്കുമെന്നത് അല്ലാഹു നബി തിരുമേനി(സ)യോട് ചെയ്ത് വാഗ്ദാനമായിരുന്നു. പിന്നീട് ആ മഹാത്മാവിനെ അയക്കുകയും ചെയ്തു. അദ്ദേഹം ലോകത്തിന് തന്റെ ആഗമനത്തെ കുറിച്ച് അറിയിപ്പ് നൽകി. സംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്നിട്ടും യൂറോപ്പിലും അമേരിക്കയിലും ലോകത്തിന്റെ വിവിധ നാടുകളിലും അദ്ദേഹത്തിന്റെ സന്ദേശം എത്തി. ഡൂയിയുടെ കാര്യത്തിൽ അതെത്രമാത്രം പ്രൗഢിയോട് കൂടിയാണ് എത്തിയത് എന്നതും നാം കണ്ടു കൊണ്ടിരിക്കുന്നു. അദ്ദേഹം മുഖേന അല്ലാഹു വിതച്ച ഇസ്‌ലാമിന്റെ നവോത്ഥാനത്തിന്റെ വിത്ത് വളരെ മഹത്തായ നിലയിൽ ലോകത്ത് പടർന്നു പന്തലിച്ചുകൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ ഇന്ന് ഈ മസ്ജിദിന്റെ ഉദ്ഘാടനം മഹത്തായതായി തീരണമെങ്കിൽ നാം നമ്മുടെ ജീവിതോദ്ദേശ്യം എന്താണെന്ന യാഥാർഥ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ കൽപനകൾ പാലിച്ചുകൊണ്ടും അവന്റെ പ്രീതി കരസ്ഥമാക്കിക്കൊണ്ടും പള്ളികൾ ജനനിബിഢമാക്കുകയുമാണ് നമ്മുടെ ജീവിത ലക്ഷ്യം. എന്നാൽ ഈ മഹത്തായ വിജയത്തിന്റെ സന്തോഷത്തിൽ, സ്മാരകമായി ഒരു പള്ളി മാത്രം നിർമ്മിച്ചുകൊണ്ട് സന്തോഷിക്കുകയാണോ? നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ ഫലമാണ് ഉപേക്ഷിച്ചതും ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നതും. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതേ മാർഗത്തിൽ ചലിക്കാനാണ് തന്റെ അനുയായികളോട് ഉപദേശിച്ചത്. അത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗമാണ്.

ഇന്ന് മുഹമ്മദീ മസീഹിന്റെ സന്ദേശം രാജ്യത്തിന്റെ എല്ലാ കോണുകളിലും പ്രചരിപ്പിക്കുകയും സർവ്വ ശക്തനായ ദൈവത്തിന്റെ ഏകത്വം ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്യേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗമാണെന്ന വാദം ഉന്നയിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അത് നാം ദൈവവുമായുള്ള ബന്ധം വളർത്തിയെടുക്കുകയും ഭയഭക്തിയിൽ മുന്നേറുകയും ചെയ്യുമ്പോഴാണ് പ്രാവർത്തികമാകുന്നത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ ജമാഅത്തിന് പ്രത്യേകിച്ചും അവർ തങ്ങളെ ദൈവനിയോഗിതനാണെന്ന് വാദിക്കുന്ന ഒരാളുമായി ചേർത്തു പറയുന്നതിനാൽ സവിശേഷമായ തഖ്‌വ ആർജ്ജിക്കേണ്ട ആവശ്യമാണുള്ളത്. എങ്കിൽ മാത്രമേ അവർ അകപ്പെട്ടിട്ടുള്ള വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ശിർക്കുകളുടെയും ഭൗതീക ചായ്‌വുകളുടെയും അത്യാപത്തുകളിൽ നിന്ന് അവർക്ക് രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂ.

ചുരുക്കത്തിൽ ആന്തരീക പരിശുദ്ധിയും വളരെ പ്രധാനമാണ്. ആന്തരീക പരിശുദ്ധിയുണ്ടാകുമ്പോഴാണ് തഖ്‌വയുണ്ടാകുന്നത്. പിന്നെ അടയാളങ്ങൾക്കുമേൽ അടയാളം പ്രകടമാകുന്നത് ലോകം കാണുമാറാകും. ഇത് വിജയത്തിന്റെ കൂടുതൽ വഴികൾ തുറക്കുന്ന സ്ഥാനമാണ്. ഇൻശാഅല്ലാഹ് മഹത്തായ വിജയത്തിന്റെ യാഥാർത്ഥ്യത്തെ നാം കാണുന്ന അവസ്ഥയാണിത്. അതിനാൽ അല്ലയോ മുഹമ്മദീ മസീഹിന്റെ ദാസരെ, ഓരോ വിജയത്തിന്റെ അടയാളവും നമ്മുടെ ഉള്ളിൽ വിപ്ലവം സംജാതമാക്കാൻ കാരണമായിരിക്കണം. ഇന്നേ ദിവസം നമ്മുടെയുള്ളിൽ നമ്മുടെ മക്കളുടെയുള്ളിൽ വരും തലമുറയുടെ ഉള്ളിൽ ആത്മീയ വിപ്ലവം സംജാതമാക്കാൻ കാരണമാകും എന്ന് പ്രതിജ്ഞ ചെയ്യുക. അതല്ലാതെ ഡൂയിയുടെ നാശത്തെ കുറിച്ച് അല്ലെങ്കിൽ ഈ നാട്ടിലുള്ള ഡൂയിയെ കുറിച്ച് അറിയാത്ത ജനങ്ങൾക്ക് നാം പറഞ്ഞു കൊടുത്താലും ഇല്ലെങ്കിലും നമുക്ക് എന്ത് പ്രയോജനം കരസ്ഥമാകാനാണ്. അവർക്ക് അറിയാത്ത ഈ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതു മുഖേന നമുക്ക് പ്രയോജനം കരസ്ഥമാകണമെങ്കിൽ നമ്മുടെയുള്ളിലും ഒരു മഹത്തായ വിപ്ലവം സംജാതമാക്കേണ്ടതുണ്ട്. കൂടാതെ നമ്മുടെ രാജ്യക്കാരും ലോകം മുഴുവനും റസൂൽ തിരുമേനി[സ]യുടെ ദാസത്വത്തിന്റെ നുകം അവരുടെ കഴുത്തുകളിൽ അണിയെണ്ടതുണ്ട്, അല്ലാഹുവിന്റെ ഏകത്വത്തിന്റെ വക്താക്കളായി മാറണം, അവനുവേണ്ടി എല്ലാ തരം ത്യാഗങ്ങൾക്കും തയ്യാറാകണം, അല്ലാഹു നമുക്കും നമ്മുടെ തലമുറകൾക്കും ഈ സ്ഥാനം കൈവരിക്കാനുള്ള തൗഫീഖ് നൽകിയനുഗ്രഹിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]

at Fathe Azeem Mosque, U.S.A. – on 30.10.2022

Malayalam Translation: **Moulavi M. Fahin Ahmad Palakkad** For Malayalam Desk, Qadian.

D.T.P: P.M. Waseem ahmad Chelakkara

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**